# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3013 13-7-2015-ന് മറുപടിക്ക്.

### സ്വകാര്യ സുരക്ഷാ ജീവനക്കാരുടെ പ്രശ്നങ്ങൾ

| ചോദ്യം : | മറുപടി : |
|---|---|
| *ശ്രീ. പി. കെ. ബഷീർ* | *രമേശ് ചെന്നിത്തല*<br>*ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി* |
| (എ) സംസ്ഥാനത്ത് സ്വകാര്യ സുരക്ഷാ ജീവനക്കാരുടെ അരക്ഷിതാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സംസ്ഥാനത്ത് സ്വകാര്യ സുരക്ഷാ ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള അരക്ഷിതാവസ്ഥ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ തൃശൂർ നഗരത്തിൽ സ്വകാര്യ സുരക്ഷാ ജീവനക്കാർക്കെതിരെ ഉണ്ടായ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 2 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) സുരക്ഷാ ജീവനക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | സ്വകാര്യ സുരക്ഷാ ജീവനക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിൽ പോലീസിന്റെ ഭാഗത്തു നിന്നും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. രാത്രികാല പട്രോളിംഗ് / ബീറ്റ് ഡ്യൂട്ടി സമയത്ത് പോലീസ് സ്വകാര്യ സുരക്ഷാ ജീവനക്കാരെ വിന്യസിച്ചിരിക്കുന്ന സ്ഥല ങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തി വരുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഇൻഷുറൻസ് ഉൾപ്പെടെയുള്ള ക്ഷേമപദ്ധ തികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീവന ക്കാർക്ക് നിലവിൽ ക്ഷേമനിധി അംഗ ത്വവും ആനുകൂല്യവും കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് മുഖേന നൽകുന്നുണ്ട്. ഈ മേഖലയിലെ |

ജീവനക്കാർക്ക് ഇ.എസ്. ഐ, ഇ.പി.എഫ് വിഹിതങ്ങൾ എല്ലാം തന്നെ ഏജൻസികൾ ഒടുക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടത് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് കീഴിലുള്ള ബന്ധപ്പെട്ട വകുപ്പുകളാണ്.

സെക്ഷൻ ഓഫീസർ